# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3537 — 15.07.2015-ൽ മറുപടിക്ക്

## ആശവർക്കർമാരുടെ ഓണറേറിയം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ആശ വർക്കർമാർക്ക് ഓണറേറിയം കൃത്യമായി നൽകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ; | (എ) ആശ വർക്കർമാർക്ക് 2015 മാർച്ച് വരെയുള്ള ഓണറേറിയം വിതരണം ചെയ്തിട്ടുണ്ട്. 2015 ഏപ്രിൽ മുതൽ ജൂൺ വരെ ഓണറേറിയം കുടിശ്ശിക ആയിട്ടുണ്ട്. കുടിശ്ശിക വിതരണത്തിന് ഫണ്ട് അനുവദിക്കുന്ന വിഷയം പരിശോധിച്ച് വരുന്നു. |
| (ബി) പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ആശവർക്കർമാരുടെ സുരക്ഷിതത്വം ഉറപ്പുവരുത്താൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (ബി) പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ആശവർക്കർമാരുടെ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനായി ആരംഭിച്ചിട്ടുള്ള ഇൻഷുറൻസ് പദ്ധതിയാണ് 'ആശ കിരണം'. ഇതു പ്രകാരം ആശ പ്രവർത്തകർക്ക് 80 രൂപ വാർഷിക പ്രീമിയത്തിൽ 2 ലക്ഷം രൂപ അപകട മരണത്തിനും, 2 ലക്ഷം രൂപ പൂർണ്ണ അംഗവൈകല്യത്തിനും, ഭാഗീകമായ അംഗ വൈകല്യത്തിന് 1 ലക്ഷം രൂപയും, അപകട / അസുഖത്തിനോടനുബന്ധിച്ചുള്ള ആശുപത്രി ചെലവിന് 10,000 രൂപയും, കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിന് 2000 രൂപയും, സ്വാഭാവിക മരണ സംസ്കാര കർമ്മത്തിന് 50,000 രൂപയും ലഭ്യമാണ്. |
| (സി) ആശ വർക്കർമാർക്ക് കുടിശ്ശികയുള്ള ഓണറേറിയം വിതരണം ചെയ്യുന്നതിനും പാലിയേറ്റീവ് പ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്നവർക്കു അഡീഷണലായി നൽകിയ തുക നിർത്തലാക്കിയത് പുന:സ്ഥാപിക്കാനും നടപടികൾ സ്വീകരിക്കുമോ ? | (സി) കുടിശ്ശിക വിതരണത്തിന് ഫണ്ട് അനുവദിക്കുന്ന വിഷയം പരിശോധിച്ച് വരുന്നു. പാലിയേറ്റീവ് പ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്നവർക്ക് ഇൻസെന്റീവ് നൽകുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിലേക്ക് നൽകിയിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ